**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3094

18.06.2019- ൽ
മറുപടിയ്ക്ക്

## കോട്ടക്കൽ ഗവ. എൽ.പി. സ്കൂൾ ഭൂമി കൈമാറ്റം

ചോദ്യം
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

എ) കോട്ടക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 39 റീസർവ്വേ നമ്പർ 183/5 ൽപ്പെട്ട കോട്ടക്കൽ ഗവ. എൽ.പി. സ്കൂളിന്റെ 22 സെന്റ് ഭൂമിയും കോട്ടക്കൽ ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള 24 സെന്റ് ഭൂമിയും പരസ്പരം കൈമാറുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ലാന്റ് റവന്യൂ വകുപ്പ് കമ്മീഷണർ പരിശോധിച്ച് സമർപ്പിച്ച , റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മലപ്പുറം കളക്ടറുടെയും ലാന്റ് റവന്യൂ വകുപ്പ് കമ്മീഷണറുടെയും റിപ്പോർട്ടുകൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**എ) ബി) & സി)** തിരൂർ താലൂക്ക് കോട്ടയ്ക്കൽ വില്ലേജ് കോട്ടയ്ക്കൽ ഗവ.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് നം.39 റീ.സ.നം. 187/5-ൽപ്പെട്ട 22 സെന്റ് ഭൂമിയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം. 39 റീ.സ.നം.188/17-ൽപ്പെട്ട 24 സെന്റ് ഭൂമിയും പരസ്പരം കൈമാറി 12.07.2013 ലെ സ.ഉ (എം.എസ്) 297/13/റവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഭൂമിയുടെ കമ്പോളവില സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ജില്ലാ കളക്ടർ പരസ്പരം കൈമാറേണ്ട ഭൂമികളുടെ കമ്പോളവില ഉൾപ്പെടെയുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ചിരുന്നു. ആയത് 176/എൽ1/18/റവ നമ്പർ e- ഫയലിൽ പരിശോധന നടത്തുകയും ഭൂമി കൈമാറ്റത്തിന് ധനവകുപ്പിന്റെ സമ്മതം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ